ഉത്തരം

(എ) ഉണ്ട്.

(ബി) 4.50 ലക്ഷം രൂപ.

(സി) ഈ ജോലിക്ക് ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപയാണ് ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ളത്. പക്ഷേ ഈ കൊല്ലത്തെ ബഡ്ജറ് തുക തുടങ്ങിവച്ച ജോലികൾക്കു തന്നെ മതിയാവുകയില്ല. അതുകൊണ്ടാണ് ഈ ജോലി തുടങ്ങുവാനുള്ള കാലതാമസം.

(ഡി) 1979-80—ലെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പണി തുടങ്ങുന്നതാണ്.

പെരുവേലിക്കര ബണ്ടിന്റെ നിർമ്മാണം

740 [1078] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ശാസ്താംകോട്ട പഞ്ചായത്തിൽ ''പെരുവേലിക്കര ബണ്ട്'' നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെന്റ് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ ബണ്ട് നിർമ്മാണം തുടങ്ങുവാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) അടുത്ത സാമ്പത്തിക വർഷം ഇതിന്റെ പണി ആരംഭിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കാക്കടവ് പദ്ധതി

741 [1080] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പദ്ധതിയിൽ ഉൾക്കൊള്ളിച്ച കേരളത്തിലെ വൻകിട ജലസേചന പദ്ധതികൾ ഏതൊക്കെ;

(ബി) കാക്കടവ് പദ്ധതിക്ക് എന്തു തുക വക കൊള്ളിച്ചിട്ടുണ്ട്;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്"?

LIBRARY ARCHIVES Kerala Legislative Assembly